ജില്ലാസാമൂഹ്യനീതിഓഫീസ്
പാലക്കാട്

നമ്പർ : എ 4914/2017

തീയ്യതി :22/01/2018

ഒന്നാം അപ്പീൽ അധികാരി
(വിവരാവകാശനിയമം)
ജില്ലാസാമൂഹ്യനീതി ഓഫീസ്
പാലക്കാട്

ശ്രീ. കെ.വി. കൃഷ്ണകുമാർ
24/111-1, നൂറണി എക്സ്റ്റൻഷൻ,
പാലക്കാട്

സർ,

വിഷയം :- ജില്ലാസാമൂഹ്യനീതി ഓഫീസ്, പാലക്കാട്-വിവരാവകാശനിയമം -2005-ഒന്നാം അപ്പീൽ തീർപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന :- (1) താങ്കളുടെ 3/1/18 തീയ്യതിയായ ഒന്നാം അപ്പീൽ
(2) ഈ ഓഫീസിലെ 22/1/18 തീയ്യതിയിലെ എ 2/2018 നമ്പർ ഉത്തരവ്.

താങ്കൾ ഈ അപ്പീൽ അധികാരിമുമ്പാകെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പ് (സൂചന (2) ഉത്തരവ്) ഇതോന്നിച്ച് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

22-01-18

ഒന്നാം അപ്പീൽ അധികാരി
(വിവരാവകാശ നിയമം-2005)
ജില്ലാ സാമൂഹ്യനീതി ഓഫീസ്
പാലക്കാട്

ഒന്നാം അപ്പീൽ അധികാരിയുടെ നടപടിക്രമങ്ങൾ

(ഹാജർ : മീര.പി, ജില്ലാസാമൂഹ്യനീതി ഓഫീസർ, പാലക്കാട്)

നമ്പർ :എ. 2/2018 തീയ്യതി : 22/01/2018

സൂചന (1) ശ്രീ കെ.വി. കൃഷ്ണകുമാർ, 24/111-1, നൂറണി എക്സ്റ്റൻഷൻ, പാലക്കാട് എന്നയാൾ, ജില്ലാതല ഐ.സി.ഡി.എസ്.സെൽ, പ്രോഗ്രാം ഓഫീസ്, പാലക്കാട് മുമ്പാകെ സമർപ്പിച്ച 28/9/2017 തീയ്യതിയിലെ വിവരാവകാശ അപേക്ഷ.

(2) ജില്ലാതല ഐ.സി.ഡി.എച് സെൽ-സ്റ്റേറ്റ്പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പാലക്കാടിന്റെ 27/10/17 തീയ്യതിയിലെ മറുപടി.

(3) ശ്രീ. കെ.വി. കൃഷ്ണകുമാർ, 24/111-1, നൂറണി എക്സ്റ്റൻഷൻ, പാലക്കാട്, എന്നയാൾ ഈ ഓഫീസിൽ സമർപ്പിച്ച 3/1/2018 തീയ്യതിയിലെ ഒന്നാം അപ്പീൽ.

**ഉത്തരവ്**

ശ്രീ കെ.വി കൃഷ്ണകുമാർ, 24/111-1, നൂറണി എക്സ്റ്റൻഷൻ പാലക്കാട് എന്നയാൾ മേൽ സൂചന (1) പ്രകാരം ജില്ലാതല ഐ.സി.ഡി.എസ് സെൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പാലക്കാട് മുമ്പാകെ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് നൽകിയ സൂചന (2) മറുപടിയിൽ തൃപ്തനാവാതെ, ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സൂചന (3) ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണ്.

അപ്പീലും, വിവരാവകാശ അപേക്ഷയും ആയതിന്റെ മറുപടിയും പരിശോധിച്ചു. ഇത് സംബന്ധിച്ച് ജില്ലാതല ഐ.സി.ഡി.എസ് സെൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്ന് വിശദീകരണം ലഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരി താഴെ പറയുന്ന തീരുമാനങ്ങളിൽ എത്തിയിരിക്കുന്നു.

അപ്പീൽ ചോദ്യം (1): സൂചന (2) മറുപടിയിൽ സ്റ്റേറ്റ്പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന് വയ്ക്കാതെ പ്രോഗ്രാം ഓഫീസർ എന്ന് വച്ചത് നിയമാനുസൃതമല്ല. ആയത് ആവർത്തിക്കാതിരിക്കാൻ ജില്ലാതല ഐ.സി.ഡി.എസ് സെൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്..

അപ്പീൽ ചോദ്യം (2):

ഒന്നാം അപ്പീൽ അധികാരിയുടെ പേര് വിവരാവകാശ
അപേക്ഷയ്ക്കുള്ള മറുപടികൾ നിർബന്ധമായും
വയ്ക്കേണ്ടതാണെന്ന് ജില്ലാതല ഐ.സി.ഡി.എസ്
സെൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫിസർക്ക്
നിർദ്ദേശം നൽകിയിട്ടുണ്ട്.

അപ്പീൽ ചോദ്യം (3) :

വിവരാവകാശ നിയമം-2005 സെക്ഷൻ (4) നടപ്പിലാ
ക്കിയതിന് ജില്ലാതല ഐ.സി.ഡി.എസ് സെൽ, സ്റ്റേറ്റ്
പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് പ്രത്യേക ചില
വുകളൊന്നും വന്നിട്ടില്ല. ആയതുകൊണ്ടാണ് സ്റ്റേറ്റ്
പബ്ലിക് ഇൻഫർമേഷൻ ആഫീസർ ഇത്തരത്തിൽ മറു
പടി നൽകിയത്. ആയത് അപ്പീൽ അതോരിറ്റി അംഗീ
കരിക്കുന്നു.

അപ്പീൽ ചോദ്യം (4) :

ജില്ലാതല ഐ.സി.ഡി.എസ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേ
ഷൻ ഓഫീസർ നൽകിയ മറുപടിയിൽ ഒപ്പ് രേഖപ്പെടു
ത്തിയ 30/10/2017 ന് തന്നെയാണ് ഡെസ്പാച്ച് രജിസ്റ്റ
റിലും ടി തപാൽ അയച്ചതായി രേഖപ്പെടുത്തിയിട്ടുള്ള
ത് എന്ന് അന്വേഷണത്തിൽ നിന്ന് മനസ്സിലായിട്ടുണ്ട്.
താങ്കൾക്ക് ആദ്യം നൽകിയ മറുപടിയിൽ ഡെസ്പാച്ച്
ചെയ്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ലാ എന്നും
താങ്കൾക്ക് മറുപടിനൽകിയതിനുശേഷം അതിന്റെ
ഓഫീസ് കോപ്പിയിൽ ഡെസ്പാച്ച് ചെയ്ത തീയ്യതി
എഴുതിയതാണ് എന്നുമാണ് മനസ്സിലായത്. എന്നാൽ
താങ്കൾക്കു നൽകിയ മറുപടി നഷ്ടപ്പെട്ടു എന്ന്
പറഞ്ഞ് മറ്റൊരു കോപ്പിക്ക് ആവശ്യപ്പെട്ടപ്പോൾ
ഓഫീസ് കോപ്പിയുടെ പകർപ്പ് നൽകിയതുകൊ
ണ്ടാണ് ഡെസ്പാച്ച് ചെയ്ത തീയ്യതി അതിൽ എഴുതി
വെച്ചതായി കണ്ടത്. ആയതിനാൽ സൂചന (1) അപേ
ക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് സൗജന്യ
മായി നൽകുവാൻ സാധിക്കുകയില്ല. പകർപ്പുകൾക്ക്
സൂചന (2) മറുപടിയിൽ പറഞ്ഞിട്ടുള്ള തുക അടച്ച്
ചലാന്റെ അസ്സൽ ഹാജരാക്കേണ്ടതുണ്ട്.

ഈ അപ്പീൽ തീർപ്പിൽ ആക്ഷേപമുള്ളപക്ഷം രണ്ടാം അപ്പീൽ അധികാരിയായ സംസ്ഥാന വിവരാവകാശ കമ്മീഷണർ തിരുവനന്തപുരം-ന് 90 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ഒന്നാം അപ്പീൽ അധികാരി
(വിവരാവകാശ നിയമം-2005)
ജില്ലാ സാമൂഹ്യനീതി ഓഫീസ്
പാലക്കാട്

മ്പർ : എ 4914/2017

ജില്ലാസാമൂഹ്യനീതിഓഫീസ്
പാലക്കാട്

തീയ്യതി :22/01/2018

ന്നാം അപ്പീൽ അധികാരി
വിവരാവകാശനിയമം)
ജില്ലാസാമൂഹ്യനീതി ഓഫീസ്
ാലക്കാട്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാതല ഐ.സി.ഡി.എസ് സെൽ
ാലക്കാട്

ൾ,

വിഷയം :- ജില്ലാസാമൂഹ്യനീതി ഓഫീസ്, പാലക്കാട്-വിവരാവകാശനിയമം -2005-ഒന്നാം അപ്പീൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- (1) ശ്രീ കെ.വി. കൃഷ്ണകുമാർ, 24/111-1, നൂറണി എക്സ്റ്റൻഷൻ, പാലക്കാട്-678004, 3/1/18 തീയ്യതി സമർപ്പിച്ച ഒന്നാം അപ്പീൽ.

(2) ജില്ലാതല ഐ.സി.ഡി.എസ് സെൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 22/1/2018 ലെ സി 1176/2017 നമ്പർ കത്ത്.

മേൽ സൂചന (2) പ്രകാരം താങ്കൾ നൽകിയ വിശദീകരണം പരിശോധിച്ചു. ശ്രീ കെ.വി. കൃഷ്ണകുമാർ, 24/111-1, നൂറണി എക്സ്റ്റൻഷൻ, പാലക്കാട് എന്നയാൾക്ക് താങ്കൾ നൽകിയ വിവരാവകാശ മറുപടിയുമായി ബന്ധപ്പെട്ട വിശദീകരണം അംഗീകരിക്കുന്നു. വിവരാവകാശനിയമപ്രകാരം പാലിക്കേണ്ട കാര്യങ്ങളിൽ തെറ്റുവരുത്തിയത് (വിശദീകരണം (1), (2)) മേലിൽ ആവർത്തിക്കരുത്. വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകൾക്ക് മറുപടിനൽകുമ്പോൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
22.01.18

ഒന്നാം അപ്പീൽ അധികാരി
(വിവരാവകാശ നിയമം-2005)
ജില്ലാ സാമൂഹ്യനീതി ഓഫീസ്
പാലക്കാട്